പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 129

# 2012-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 129

# 2012-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

1012/2012.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 129

# 2012-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്
വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 447-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 447-ാം വകുപ്പിൽ, (6)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(7) അബ്കാരി ആക്റ്റിലോ (1077-ലെ 1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, യാതൊരാളും, മുനിസിപ്പാലിറ്റിയുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടിയല്ലാതെയും അനുവാദത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായിട്ടല്ലാതെയും, ഒരു മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ഒരു അബ്കാരിഷാപ്പ് സ്ഥാപിക്കുവാൻ പാടുള്ളതല്ല.

(8) വിദ്യാഭ്യാസ സ്ഥാപനത്തിന്റെയോ ആരാധനാ സ്ഥലത്തിന്റെയോ അടുത്ത് ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കുന്നതിന് അനുവാദം നൽകുമ്പോൾ തൽസമയം പ്രാബല്യത്തിലുള്ള അബ്കാരി ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ നിർണ്ണയിച്ചിട്ടുള്ള ദൂരപരിധി പാലിക്കേണ്ടതും പ്രസ്തുത ദൂരപരിധിക്കുള്ളിൽ ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കാൻ മുനിസിപ്പാലിറ്റി അനുവാദം നൽകാൻ പാടില്ലാത്തതും ആകുന്നു.

(9) പൊതുസമാധാനത്തിന്റെയോ സൻമാർഗ്ഗത്തിന്റെയോ താൽപ്പര്യത്തെ കരുതിയോ സൗകര്യമോ ശല്യമോ കാരണമാക്കിയോ ഒരു അബ്കാരി ഷാപ്പ്

ഒരു സ്ഥലത്തു നിന്നും ഇതിനായി നിർദ്ദേശിക്കാവുന്ന പതിനഞ്ച് ദിവസത്തിൽ കവിയാത്ത സമയപരിധിക്കുള്ളിൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റാനോ അടയ്ക്കുവാനോ ഉത്തരവ് നൽകാൻ, ഒരു മുനിസിപ്പാലിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(10) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (7) മുതൽ (9) വരെയുള്ള ഉപവകുപ്പുകളിലെ വ്യവസ്ഥകൾ FL-3 ലൈസൻസ് ഉള്ള ഫൈവ് സ്റ്റാർ, ഫോർ സ്റ്റാർ തരംതിരിവിൽപ്പെടുന്ന ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കും നിലവിലുള്ള അബ്കാരി ഷാപ്പുകൾക്കും ബാധകമാകുന്നതല്ല.

വിശദീകരണം:—"അബ്കാരി ഷാപ്പ്" എന്നാൽ ഒരു കള്ളുഷാപ്പോ, ഒരു വിദേശ മദ്യഷാപ്പോ, ഒരു ബാർ ഹോട്ടലോ എന്നർത്ഥമാകുന്നു.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 447-ാം വകുപ്പിൽ അബ്കാരി ഷാപ്പുകൾ സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റിയുടെ മുൻകൂർ അനുവാദം തേടേണ്ട താണെന്നും, മുനിസിപ്പാലിറ്റി നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കേണ്ടതാണെന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ആരാധനാലയങ്ങളുടെയും കാര്യത്തിൽ അബ്കാരി ആക്റ്റിലും ചട്ടങ്ങളിലും നിർണ്ണയിച്ചിട്ടുള്ള ദൂരപരിധി പാലിക്കേണ്ടതാണെന്നും ഉള്ള വ്യവസ്ഥകളും പൊതുതാൽപ്പര്യാർത്ഥം അബ്കാരിഷാപ്പുകൾ മാറ്റിസ്ഥാപിക്കാനോ അടയ്ക്കാനോ മുനിസിപ്പാലിറ്റിക്ക് അധികാരം നൽകിക്കൊണ്ടുള്ള വ്യവസ്ഥകളും ചേർക്കുന്നതിനായി പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

മേൽ പ്രസ്താവിച്ച ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

**മഞ്ഞളാംകുഴി അലി.**

## 1994-ലെ മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** **

447. സ്ഥലങ്ങൾ ഏതാവശ്യങ്ങൾക്ക് ലൈസൻസുകൂടാതെ ഉപയോഗിച്ചുകൂടെന്ന്.—(1) മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ഒരു സ്ഥലത്തും ഇതിലേക്ക് ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒന്നോ അതിൽ കൂടുതലോ ആവശ്യങ്ങൾക്കോ, അല്ലെങ്കിൽ മറ്റേതെങ്കിലും വ്യാപാരമോ, ലൈസൻസോ കൂടാതെയും അതിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമായിട്ടല്ലാതെയും ഉപയോഗിക്കാൻ പാടില്ലെന്ന് ഓരോ മുനിസിപ്പാലിറ്റിയും ഗസറ്റിൽ ഒരു വിജ്ഞാപനം പ്രസിദ്ധീകരിച്ചോ നിർണ്ണയിച്ചേക്കാവുന്ന മറ്റേതെങ്കിലും രീതിയിലോ ചെയ്യാവുന്നതും, ലൈസൻസ്, ഹോസ്റ്റലുകളോ, റസ്റ്റോറന്റുകളോ, ഭോജനശാലകളോ, കോഫി ഹൗസുകളോ, അബ്കാരി ഷാപ്പുകളോ, ട്രാവൽ ഏജൻസികളോ, അലക്കുപുരകളോ, ബാർ സലൂണുകളോ നടത്തുന്നതിനാണെങ്കിൽ, ആ ലൈസൻസിൽ, അവയിലേക്കുള്ള പ്രവേശനമോ അതിൽ നൽകുന്ന സേവനമോ പൊതുജനങ്ങളിലേവർക്കും ലഭ്യമായിരിക്കണമെന്നുള്ള ഒരു വ്യവസ്ഥ എപ്പോഴും ഉൾക്കൊണ്ടിരിക്കേണ്ടതും ഉൾക്കൊണ്ടിരിക്കുന്നുവെന്ന് കരുതപ്പെടേണ്ടതുമാകുന്നു:

എന്നാൽ ഈ ഉപവകുപ്പിൻകീഴിലുള്ള ഒരു വിജ്ഞാപനവും അത് പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ അറുപത് ദിവസം കഴിയുന്നതുവരെ പ്രാബല്യത്തിൽ വരുന്നതല്ല.

(2) ** ** **

** ** **

(6) ഏതെങ്കിലും ലൈസൻസിനോ അനുവാദത്തിനോ വേണ്ടിയുള്ള ഒരപേക്ഷയിന്മേൽ ആ അപേക്ഷ സെക്രട്ടറിക്ക് ലഭിച്ചതിനുശേഷം മുപ്പത് ദിവസത്തിനകമോ, ഏതെങ്കിലും വിഭാഗം സംഗതികൾ സംബന്ധിച്ച് നിർണ്ണയിക്കാവുന്ന കൂടുതൽ കാലത്തിനുള്ളിലോ, ഉത്തരവ് അപേക്ഷകനെ അറിയിക്കാതിരുന്നാൽ, ആ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന കാലത്തേക്ക് സാധാരണയായി വിധേയമാക്കപ്പെടുമായിരുന്ന നിയമത്തിനും ചട്ടങ്ങൾക്കും ബൈലായ്ക്കും എല്ലാ നിബന്ധനകൾക്കും വിധേയമായും അനുവദിക്കപ്പെട്ടിരുന്നതായി കരുതേണ്ടതാണ്.

** ** **

---